236.

കേന്ദ്ര ഗവൺമെന്റ്

നിയമ മന്ത്രാലയം

# സംഘങ്ങൾ രജിസ്ട്രേഷൻ ആക്റ്റ്, 1860

## (1860-ലെ 21-ാം ആക്റ്റ്)

കേരള ഔദ്യോഗിക ഭാഷാ (നിയമനിർമ്മാണ) കമ്മീഷൻ
തർജ്ജമ ചെയ്തത്

യൂണിയൻ ഔദ്യോഗിക ഭാഷാ (നിയമനിർമ്മാണ) കമ്മീഷൻ
അംഗീകരിച്ചത്

യൂണിയൻ ഗവൺമെന്റിനു വേണ്ടി കേരള ഗവൺമെന്റ് പ്രസ് സൂപ്രണ്ട്
തിരുവനന്തപുരം ഗവൺമെന്റ് പ്രസ്സിൽ അച്ചടിച്ച്
പ്രസിദ്ധീകരിക്കുന്നത്.

1975

കേന്ദ്ര ഗവൺമെന്റ്
നിയമ മന്ത്രാലയം

# സംഘങ്ങൾ രജിസ്ട്രേഷൻ ആക്റ്റ്, 1860

(1860-ലെ 21-ാം ആക്റ്റ്)

കേരള ഔദ്യോഗിക ഭാഷാ (നിയമനിർമ്മാണ) കമ്മീഷൻ
തർജ്ജമ ചെയ്തത്

യൂണിയൻ ഔദ്യോഗിക ഭാഷാ (നിയമനിർമ്മാണ) കമ്മീഷൻ
അംഗീകരിച്ചത്

1975

# സംഘങ്ങൾ രജിസ്ട്രേഷൻ ആക്റ്റ്, 1860

## വകുപ്പുകളുടെ വിന്യാസം

ആമുഖം

1. സംഘങ്ങൾ, സംഘം മെമ്മോറാണ്ടവും രജിസ്ട്രേഷനും വഴി രൂപവൽക്കരിക്കപ്പെടുന്നു എന്ന്.
2. സംഘം മെമ്മോറാണ്ടം.
3. രജിസ്ട്രേഷനും ഫീസും.
4. മാനേജിങ്ങ് സമിതിയുടെ വാർഷിക ലിസ്റ്റ് ഫയൽ ചെയ്യണമെന്ന്.
5. സംഘത്തിന്റെ വസ്തു നിക്ഷിപ്തമാകുന്നത് എങ്ങനെയെന്ന്.
6. സംഘങ്ങളുടേയും സംഘങ്ങൾക്കെതിരായുള്ളതുമായ വ്യവഹാരങ്ങൾ.
7. വ്യവഹാരങ്ങൾ ഉപശമിക്കുന്നില്ലെന്ന്.
8. സംഘത്തിനെതിരായി വിധിന്യായം പ്രാവർത്തികമാകുന്നത്.
9. ബൈലായിൻ കീഴിൽ ഉദ്ഭൂതമാകുന്ന പിഴ വസൂലാക്കുന്നത്.
10. അംഗങ്ങൾക്കെതിരായി അന്യർക്കെതിരായെന്നപോലെ വ്യവഹാരം ബോധിപ്പിക്കാമെന്ന്.

    വിധിച്ച കോടതിച്ചെലവ് ജയിച്ച പ്രതി വസൂലാക്കുന്നത്.
11. കുറ്റങ്ങൾക്ക് അപരാധിയാകുന്ന അംഗങ്ങൾ അന്യരെപ്പോലെ ശിക്ഷിക്കപ്പെടാമെന്ന്.
12. സംഘങ്ങൾക്ക് അവയുടെ ആവശ്യങ്ങൾ ഭേദപ്പെടുത്തുകയോ, വ്യാപിപ്പിക്കുകയോ ന്യൂനീകരിക്കുകയോ ചെയ്യുവാൻ കഴിവുണ്ടാകുന്നത്.
13. സംഘങ്ങൾ വിഘടനം ചെയ്യുന്നതിനും അവയുടെ കാര്യങ്ങൾ ശരിയാക്കുന്നതിനുമുള്ള വ്യവസ്ഥ.

    അനുമതി ആവശ്യമാണെന്ന്.

    ഗവൺമെന്റിന്റെ സമ്മതം.
14. വിഘടനത്തിൻമേൽ ഒരംഗത്തിനും ലാഭം കിട്ടുന്നതല്ലെന്ന്.

    ഖണ്ഡം ജായിന്റ് സ്റ്റാക്കു കമ്പനികൾക്കു ബാധകമല്ലെന്ന്.
15. അംഗം—നിർവ്വചനം.

    അയോഗ്യരാക്കപ്പെട്ട അംഗങ്ങൾ.
16. ഭരണസമിതി—നിർവ്വചനം.
17. ആക്റ്റിനുമുമ്പ് രൂപവൽക്കരിക്കപ്പെട്ട സംഘങ്ങളുടെ രജിസ്ട്രേഷൻ.

    അനുമതി ആവശ്യമാണെന്ന്.
18. അങ്ങനെയുള്ള സംഘങ്ങൾ, ജായിന്റ് സ്റ്റാക്കു കമ്പനി രജിസ്ട്രാറുടെ മുമ്പാകെ മെമ്മോറാണ്ടം മുതലായവ ഫയൽ ചെയ്യണമെന്ന്.
19. രേഖകളുടെ പരിശോധന.
20. ഏതെല്ലാം സംഘങ്ങൾക്ക് ആക്റ്റ് ബാധകമാകുമെന്ന്.

# സംഘങ്ങൾ രജിസ്ട്രേഷൻ ആക്റ്റ്, 1860

(1860-ലെ 21-ാം ആക്റ്റ്)

## സാഹിത്യപരവും ശാസ്ത്രപരവും ധർമ്മപരവുമായ സംഘങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള ആക്റ്റ്

[1860 മേയ്, 21]

**ആമുഖം.**

സാഹിത്യമോ, ശാസ്ത്രമോ ലളിതകലകളോ പുലർത്തുന്നതിന്നോ, അല്ലെങ്കിൽ ഉപയോഗപ്രദമായ ജ്ഞാനത്തിന്റെ പ്രസാരണത്തിന്നോ, രാഷ്ട്രീയ വിദ്യാഭ്യാസത്തിന്റെ പ്രസാരണത്തിന്നോ, അല്ലെങ്കിൽ ധർമ്മപരമായ ആവശ്യങ്ങൾക്കോ വേണ്ടി സ്ഥാപിച്ചിട്ടുള്ള സംഘങ്ങളുടെ നിയമപരമായ അവസ്ഥ അഭിവൃദ്ധിപ്പെടുത്തുന്നതിന് വ്യവസ്ഥ ചെയ്യുന്നത് സമിചീനമായിരിക്കയാൽ, ഇതിനാൽ താഴെ പറയും പ്രകാരം അധിനിയമം ചെയ്തിരിക്കുന്നു:—

1. സംഘങ്ങൾ, സംഘം മെമ്മോറാണ്ടവും രജിസ്ട്രേഷനും വഴി രൂപവൽക്കരിക്കപ്പെടുന്നു എന്ന്.—ഏതെങ്കിലും സാഹിത്യപരമോ ശാസ്ത്രപരമോ ധർമ്മപരമോ ആയ ആവശ്യത്തിനോ, അല്ലെങ്കിൽ ഈ ആക്റ്റിലെ 20-ാം വകുപ്പിൽ വിവരിച്ചിട്ടുള്ള ഏതെങ്കിലും ആവശ്യത്തിനോ സംഘം ചേർന്നിട്ടുള്ള ഏതെങ്കിലും ഏഴോ അതിൽ കൂടുതലോ ആളുകൾക്ക്, ഒരു സംഘം മെമ്മോറാണ്ടത്തിൽ തങ്ങളുടെ പേരുവച്ച് ഒപ്പുവയ്ക്കുകയും അതു ജായിന്റ് സ്റ്റോക്ക് കമ്പനി രജിസ്ട്രാറുടെ മുമ്പാകെ ഫയൽ ചെയ്യുകയും ചെയ്യുന്നതു വഴി സ്വയം ഈ ആക്റ്റിൻകീഴിലുള്ള ഒരു സംഘമായിത്തീരാവുന്നതാണ്.

2. സംഘം മെമ്മോറാണ്ടം.—സംഘം മെമ്മോറാണ്ടത്തിൽ താഴെപ്പറയുന്ന സംഗതികൾ അടങ്ങിയിരിക്കേണ്ടതാകുന്നു. (അതായത്):—

സംഘത്തിന്റെ പേര്;

സംഘത്തിന്റെ ലക്ഷ്യങ്ങൾ;

സംഘത്തിന്റെ ചട്ടങ്ങൾ വഴി അതിന്റെ കാര്യങ്ങളുടെ മാനേജ്മെന്റ് ഭരമേല്പിച്ചിട്ടുള്ള ഗവർണ്ണർമാരുടേയോ, കൗൺസിലിന്റേയോ, ഡയറക്ടർമാരുടേയോ, കമ്മിററിയുടേയോ അല്ലെങ്കിൽ മററു ഭരണസമിതിയുടേയോ പേരും, മേൽവിലാസവും, ജീവനവും.

സംഘത്തിന്റെ ചട്ടങ്ങളുടേയും റഗുലേഷനുകളുടേയും ഭരണസമിതിയിലെ മൂന്നിൽ കുറയാതെയുള്ള അംഗങ്ങൾ ശരിപ്പകർപ്പാണെന്ന് സർട്ടിഫൈ ചെയ്യുന്ന ഒരു പകർപ്പ് സംഘം മെമ്മോറാണ്ടത്തോടുകൂടി ഫയൽ ചെയ്യേണ്ടതാകുന്നു.

3. രജസ്ട്രേഷനും ഫീസും.—അങ്ങനെയുള്ള മെമ്മോറാണ്ടവും സർട്ടിഫൈ ചെയ്ത പകർപ്പും ഫയൽ ചെയ്യുന്നതിൻമേൽ, രജിസ്ട്രാർ, സംഘം ഈ ആക്റ്റിൻകീഴിൽ രജിസ്റ്റർ ചെയ്യപ്പെട്ടിരിക്കുന്നു എന്ന് സർട്ടിഫൈ ചെയ്തു തന്റെ ഒപ്പു വയ്ക്കേണ്ടതാണ്. അങ്ങനെയുള്ള ഓരോ രജിസ്ട്രേഷനും അമ്പതു രൂപ ഫീസോ, സ്റ്റേററ് ഗവൺമെന്റ് അതതു സമയം നിർദേശിക്കുന്ന അതിലുംകുറഞ്ഞ ഫീസോ രജിസ്ട്രാർക്ക് കൊടുക്കേണ്ടതും, അങ്ങനെ കൊടുക്കുന്ന എല്ലാ ഫീസിനും സ്റ്റേററ് ഗവൺമെന്റിലേക്ക് കണക്കു കൊടുക്കേണ്ടതുമാകുന്നു.

3/2628/L.

4. മാനേജിങ്ങ് സമിതിയുടെ വാർഷിക ലിസ്ററ് ഫയൽ ചെയ്യണമെന്ന്.—ഓരോ വർഷത്തിലും ഒരിക്കൽ, സംഘത്തിൻെറ ചട്ടങ്ങൾ അനുസരിച്ച്, സംഘത്തിൻെറ വാർഷിക പൊതുയോഗം നടത്തുന്ന ദിവസത്തെ തുടർന്ന് പതിന്നാലാം ദിവസമോ അതിനു മുമ്പോ, അല്ലെങ്കിൽ, വാർഷിക പൊതുയോഗത്തിന് ചട്ടങ്ങൾ വ്യവസ്ഥ ചെയ്യുന്നില്ലെങ്കിൽ, ജനുവരി മാസത്തിലോ അപ്പോൾ സംഘകാര്യങ്ങളുടെ മാനേജ്മെൻറ് ഭരമേല്പിച്ചിട്ടുള്ള ഗവർണർമാരുടേയോ, കൗൺസിലിൻേറയോ, ഡയറക്ടർമാരുടേയോ മററു ഭരണ സമിതിയുടേയോ പേരിൻേറയും, മേൽവിലാസത്തിൻേറയും ജീവനത്തിൻേറയും ഒരു ലിസ്ററു ജായിൻറ് സ്ററാക്ക് കമ്പനി രജിസ്ട്രാറുടെ മുമ്പാകെ ഫയൽ ചെയ്യേണ്ടതാകുന്നു.

5. സംഘത്തിൻെറ വസ്തു നിക്ഷിപ്തമാകുന്നത് എങ്ങനെയെന്ന്.— ഈ ആക്ററിൻകീഴിൽ രജിസ്ററർ ചെയ്തിട്ടുള്ള ഒരു സംഘത്തിൻെറ സ്ഥാവര വസ്തുവും ജംഗമ വസ്തുവും ട്രസ്ററികളിൽ നിക്ഷിപ്തമായിട്ടുള്ള തല്ലെങ്കിൽ, തൽസമയം അങ്ങനെയുള്ള സംഘത്തിൻെറ ഭരണസമിതിയിൽ നിക്ഷിപ്തമായിരിക്കുന്നതായി കരുതപ്പെടുന്നതും, സിവിലോ ക്രിമിനലോ ആയ എല്ലാ നടപടികളിലും, അങ്ങനെയുള്ള സംഘത്തിൻെറ ശരിയായ പേരിൽ വിവരിക്കപ്പെട്ട ഭരണസമിതിയുടെ വസ്തുവായി വിവരിക്കപ്പെടാവുന്നതു മാണ്.

6. സംഘങ്ങളുടേയും സംഘങ്ങൾക്കെതിരായുള്ളതുമായ വ്യവഹാരങ്ങൾ.— ഈ ആക്ററിൻ കീഴിൽ രജിസ്ററർ ചെയ്തിട്ടുള്ള ഏതൊരു സംഘത്തിനും, അതിനെതിരായും സംഘത്തിൻെറ ചട്ടങ്ങളാലും റഗുലേഷനുകളാലും നിശ്ചയിക്കപ്പെട്ടിട്ടുള്ളവിധം പ്രസിഡൻറിൻേറയോ, ചെയർമാൻേറയോ, പ്രിൻസിപ്പൽ സെക്രട്ടറിയുടേയോ, ട്രസ്ററികളുടേയോ നാമത്തിലും, അങ്ങനെ നിശ്ചയിക്കുവാൻ വീഴ്ചവരുത്തിയിട്ടുള്ളപ്പോൾ, ആ അവസരത്തിലേയ്ക്ക് ഭരണസമിതി നിയമിക്കുന്ന ആളുകളുടെ നാമത്തിലും വ്യവഹാരം ബോധിപ്പിക്കാവുന്നതാണ്:

എന്നാൽ സംഘത്തിനെതിരായി ഒരു അവകാശവാദമോ ഡിമാൻേറാ ഉള്ള ഏതെങ്കിലും ആൾക്ക്, ഭരണ സമിതിക്ക് കൊടുക്കുന്ന അപേക്ഷയിൻമേൽ മറേറതെങ്കിലും ഉദ്യോഗസ്ഥനേയോ ആളേയോ പ്രതിയായിരിക്കാൻ നാമ നിർദ്ദേശം ചെയ്യുന്നില്ലെങ്കിൽ, അതിൻെറ പ്രസിഡൻറിനോ, ചെയർമാനോ, പ്രിൻസിപ്പൽ സെക്രട്ടറിക്കോ, ട്രസ്ററികൾക്കോ എതിരായി വ്യവഹാരം ബോധിപ്പിക്കാൻ ക്ഷമതയുണ്ടായിരിക്കുന്നതാണ്.

7. വ്യവഹാരങ്ങൾ ഉപശമിക്കുന്നില്ലെന്ന്.—ഏതെങ്കിലും സിവിൽ കോടതിയിലുള്ള ഒരു വ്യവഹാരമോ നടപടിയോ, അങ്ങനെയുള്ള വ്യവഹാരമോ നടപടികളോ ആരാണോ അല്ലെങ്കിൽ ആർക്കെതിരായാണോ കൊണ്ടുവരുകയോ തുടരുകയോ ചെയ്യേണ്ടിയിരുന്നത്, അയാൾ മരിക്കുകയോ, അല്ലെങ്കിൽ ഏതു സ്വഭാവത്തിൻെറ നാമത്തിലാണോ അയാൾക്കോ അയാൾക്കെതിരായോ വ്യവഹാരം കൊണ്ടു വരാമായിരുന്നത്, ആ സ്വഭാവത്തിൽ അയാൾ തുടരുന്നത് അവസാനി ക്കുകയോ ചെയ്യുന്ന കാരണത്താൽ ഉപശമിക്കുകയോ തുടരാതിരിക്കുകയോ ചെയ്യുന്നതല്ലാത്തതും, എന്നാൽ അതേ വ്യവഹാരമോ നടപടിയോ അങ്ങനെയുള്ള ആളുടെ പിൻഗാമിയുടെ നാമത്തിലോ അയാൾക്കെതിരായോ തുടരുന്നതു മാകുന്നു.

8. സംഘത്തിനെതിരായി വിധിന്യായം പ്രാവർത്തികമാക്കുന്നത്.—സംഘ ത്തിനുവേണ്ടി നാമനിർദ്ദേശം ചെയ്യപ്പെട്ടിട്ടുള്ള ആൾക്കോ ഉദ്യോഗസ്ഥനോ

എതിരായി വിധി സമ്പാദിക്കപ്പെടുന്നുവെങ്കിൽ, ആ വിധി അങ്ങനെയുള്ള ആളുടേയോ ഉദ്യോഗസ്ഥന്റേയോ സ്ഥാവരമോ ജംഗമമോ ആയ വസ്തുവിനെതിരായോ അയാൾക്കെതിരായി ശരീരത്തിൻമേലോ നടത്താവുന്നതല്ലാത്തതും, എന്നാൽ സംഘത്തിന്റെ വസ്തുവിനെതിരായി നടത്താവുന്നതുമാണ്.

വിധി നടത്തിനുള്ള അപേക്ഷ, വിധിയും, ഏതു കക്ഷിക്കെതിരായാണോ അത് സമ്പാദിക്കപ്പെട്ടിട്ടുള്ളത്, അതതു സംഗതിപോലെ, ആ കക്ഷിയോ ആ കക്ഷിക്കെതിരായോ വ്യവഹാരം ബോധിപ്പിച്ചത് സംഘത്തിന് വേണ്ടി മാത്രമാണെന്നുള്ള വസ്തുതയും ഉദ്ധരിക്കേണ്ടതും, വിധി സംഘത്തിന്റെ വസ്തുവിനെതിരായി നടത്തുവാൻ ആവശ്യപ്പെടേണ്ടതും ആകുന്നു.

9. ബൈലായിൻകീഴിൽ ഉദ്ഭൂതമാകുന്ന പിഴ വസൂലാക്കുന്നത്.—സംഘത്തിന്റെ ചട്ടങ്ങളും റഗുലേഷനുകളും അനുസരിച്ച് മുറപ്രകാരം ഉണ്ടാക്കപ്പെട്ടിട്ടുള്ള ഏതെങ്കിലും ബൈലായോ, അല്ലെങ്കിൽ, ചട്ടങ്ങൾ ബൈലാകൾ ഉണ്ടാക്കുന്നതിന് വ്യവസ്ഥ ചെയ്യുന്നില്ലെങ്കിൽ, സംഘാംഗങ്ങളുടെ, അതിലേക്കു വിളിച്ചുകൂട്ടുന്ന ഒരു പൊതുയോഗത്തിൽ ഉണ്ടാക്കുന്ന (അതുണ്ടാക്കുന്നതിന് അങ്ങനെയുള്ള യോഗത്തിൽ സന്നിഹിതരാകുന്ന അംഗങ്ങളുടെ അഞ്ചിൽ മൂന്ന് ഭാഗത്തിന്റെ സമ്മതിച്ചുകൊണ്ടുള്ള വോട്ടുകൾ ആവശ്യമാണ്) ഏതെങ്കിലും ബൈലായോ, സംഘത്തിന്റെ ഏതെങ്കിലും ചട്ടത്തിന്റേയോ ബൈലായുടേയോ ലംഘനത്തിന് ഏതെങ്കിലും ആർത്ഥിക ദണ്ഡനം ചുമത്തുമ്പോഴെല്ലാം, അങ്ങനെയുള്ള ദണ്ഡനം, അതു ഉദ്ഭൂതമാകുമ്പോൾ, ഭരണസമിതി സമീചീനമാണെന്നു കരുതുന്നതുപോലെ, പ്രതി താമസിക്കുന്നിടത്തോ സംഘം സ്ഥിതി ചെയ്യുന്നിടത്തോ അധികാരിതയുള്ള ഏതെങ്കിലും കോടതിയിൽ വസൂലാക്കാവുന്നതാണ്.

10. അംഗങ്ങൾക്കെതിരായി അന്യർക്കെതിരായെന്നപോലെ വ്യവഹാരം ബോധിപ്പിക്കാമെന്ന്.—സംഘത്തിന്റെ ചട്ടങ്ങൾ അനുസരിച്ച്, താൻ കൊടുക്കാൻ ബദ്ധ്യസ്ഥനായ വരിസംഖ്യ, കുടിശ്ശികയാക്കുകയോ, അല്ലെങ്കിൽ അങ്ങനെയുള്ള ചട്ടങ്ങൾക്കു വിപരീതമായ രീതിയിലോ കാലത്തേയ്ക്കോ സംഘത്തിന്റെ ഏതെങ്കിലും വസ്തു സ്വകൈവശം വയ്ക്കുകയോ, തടഞ്ഞു വയ്ക്കുകയോ ചെയ്യുകയോ, അല്ലെങ്കിൽ സംഘത്തിന്റെ ഏതെങ്കിലും വസ്തു ക്ഷതിപ്പെടുത്തുകയോ നശിപ്പിക്കുകയോ ചെയ്യുകയോ ചെയ്യുന്ന ഏതെങ്കിലും അംഗത്തിനെതിരായി ഇതിൽ ഇതിനുമുമ്പ് വ്യവസ്ഥ ചെയ്തിട്ടുള്ള രീതിയിൽ, അങ്ങനെയുള്ള കുടിശ്ശികയ്ക്കോ, അങ്ങനെ വസ്തു തടഞ്ഞുവയ്ക്കുകയോ ക്ഷതിപ്പെടുത്തുകയോ നശിപ്പിക്കുകയോ ചെയ്യുന്നതിൽനിന്ന് ഉദ്ഭൂതമാകുന്ന നഷ്ടത്തിനോ വ്യവഹാരം ബോധിപ്പിക്കാവുന്നതാണ്.

വിധിച്ച കോടതിച്ചെലവ് ജയിച്ച പ്രതി വസൂലാക്കുന്നത്.—എന്നാൽ സംഘത്തിന്റെ ആവശ്യപ്രകാരം തനിക്കെതിരായി കൊണ്ടുവരുന്ന ഏതെങ്കിലും വ്യവഹാരത്തിലോ മററു നടപടിയിലോ പ്രതി ജയിക്കുകയും അയാൾക്കു കോടതിച്ചെലവ് വസൂലാക്കാമെന്നു വിധിയാവുകയും ചെയ്യുന്നുവെങ്കിൽ, അയാൾക്ക് അത് ഐച്ഛികമായി വ്യവഹാരം കൊണ്ടുവന്നത് ഏതുദ്യോഗസ്ഥന്റെ നാമത്തിലാണോ അയാളിൽനിന്നോ അല്ലെങ്കിൽ സംഘത്തിൽനിന്നോ അതു വസൂലാക്കാൻ തുടർന്നുവേണ്ടതു ചെയ്യാവുന്നതും, രണ്ടാമത്തെ സംഗതിയിൽ മേൽവിവരിച്ച രീതിയിൽ മേല്പറഞ്ഞ സംഘത്തിന്റെ വസ്തുവിനെതിരായി പ്രോസസ് ലഭിക്കുന്നതും ആകുന്നു.

11. കുററങ്ങൾക്ക് അപരാധിയാകുന്ന അംഗങ്ങൾ അന്യരെപ്പോലെ ശിക്ഷിക്കപ്പെടാമെന്ന്.—ഏതെങ്കിലും പണമോ മററു വസ്തുവോ മോഷ്ടിക്കുകയോ തട്ടിയെടുക്കുകയോ അപഹരിക്കുകയോ, അല്ലെങ്കിൽ സംഘത്തിൻെറ ഏതെങ്കിലും സ്വത്ത് മനഃപൂർവ്വമായും ദുരുദ്ദേശ്യത്തോടുകൂടിയും നശിപ്പിക്കുകയോ ക്ഷതിപ്പെടുത്തുകയോ അല്ലെങ്കിൽ സംഘത്തിൻെറ പണം നഷ്ടത്തിന് വിധേയമാകത്തക്കവിധം ഏതെങ്കിലും കാരണമോ, ബോണ്ടോ, പണത്തിനുള്ള ഈടുപത്രമോ, രസീതോ മററ് പ്രമാണമോ വ്യാജനിർമ്മാണം നടത്തിയുണ്ടാക്കുകയോ ചെയ്യുന്ന ഏതു സംഘാംഗവും അതേപോലെയുള്ള കുററം സംബന്ധിച്ച് അംഗമല്ലാത്ത ഏതെങ്കിലും ആൾ ഏതു രീതിയിലോ അതേ രീതിയിൽ പ്രാസിക്യൂഷന് വിധേയനാകുന്നതും കുററസ്ഥാപനം ചെയ്യപ്പെടുന്നുവെങ്കിൽ, ശിക്ഷിക്കപ്പെടാവുന്നതും ആണ്.

12. സംഘങ്ങൾക്ക് അവയുടെ ആവശ്യങ്ങൾ ഭേദപ്പെടുത്തുകയോ, വ്യാപിപ്പിക്കുകയോ ന്യൂനീകരിക്കുകയോ ചെയ്യുവാൻ കഴിവുണ്ടാക്കുന്നത്.—ഏതെങ്കിലും പ്രത്യേക ആവശ്യത്തിനോ ആവശ്യങ്ങൾക്കോ വേണ്ടി സ്ഥാപിച്ചിട്ടുള്ളതും ഈ ആക്ററിൻ കീഴിൽ രജിസ്ററർ ചെയ്തിട്ടുള്ളതുമായ ഏതെങ്കിലും സംഘത്തിൻെറ ഭരണസമിതിക്ക്, അങ്ങനെയുള്ള ആവശ്യം ഈ ആക്ററിൻെറ അർത്ഥത്തിൽപ്പെട്ട മററു ആവശ്യങ്ങളായോ ആവശ്യങ്ങൾക്കുവേണ്ടിയോ ഭേദപ്പെടുത്തുകയോ, വ്യാപിപ്പിക്കുകയോ, ന്യൂനീകരിക്കുകയോ, അല്ലെങ്കിൽ അങ്ങനെയുള്ള സംഘം മുഴുവനായോ ഭാഗികമായോ മറേറതെങ്കിലും സംഘവുമായി സംയോജിപ്പിക്കുകയോ ചെയ്യുന്നതു ആശാസ്യമാണെന്നു തോന്നുമ്പോഴെല്ലാം, അങ്ങനെയുള്ള ഭരണസമിതിക്ക് ആ നിർദ്ദേശം ലിഖിതമോ അച്ചടിച്ചതോ ആയ ഒരു റിപ്പോർട്ടിൽ സംഘാംഗങ്ങൾക്ക് സമർപ്പിക്കാവുന്നതും, അതിൻെറ പരിഗണനയ്ക്ക് സംഘം റഗുലേഷനുകളനുസരിച്ച് ഒരു വിശേഷാൽയോഗം വിളിച്ചുകൂട്ടാവുന്നതും ആണ്:

എന്നാൽ അങ്ങനെയുള്ള യാതൊരു നിർദ്ദേശവും, അതിൻെറ പരിഗണനയ്ക്ക് ഭരണസമിതി വിളിച്ചുകൂട്ടുന്ന വിശേഷാൽ യോഗത്തിന് പത്തുദിവസംമുമ്പ് അങ്ങനെയുള്ള റിപ്പോർട്ട് ഓരോ സംഘാംഗത്തിനും ഡെലിവർ ചെയ്യുകയോ പോസ്ററ് വഴി അയക്കുകയോ ചെയ്തിട്ടില്ലാത്ത പക്ഷമോ, അല്ലെങ്കിൽ അങ്ങനെയുള്ള നിർദ്ദേശം അംഗങ്ങളുടെ നേരിട്ടോ പ്രാക്സി ആയോ കൊടുക്കുന്ന വോട്ടുകളുടെ അഞ്ചിൽ മൂന്നുഭാഗം വോട്ടുകളാൽ സമ്മതിക്കപ്പെടുകയും, മുമ്പിലത്തെ യോഗത്തിനുശേഷം, ഒരു മാസത്തെ ഇടവേള വച്ചു ഭരണസമിതി വിളിച്ചുകൂട്ടുന്ന രണ്ടാമത്തെ വിശേഷാൽ യോഗത്തിൽ സന്നിഹിതരാകുന്ന അംഗങ്ങളുടെ അഞ്ചിൽ മൂന്നുഭാഗത്തിൻെറ വോട്ടുകളാൽ സ്ഥിരീകരിക്കപ്പെടുകയും ചെയ്യാത്തപക്ഷമോ, പ്രഭാവത്തിൽ കൊണ്ടുവരാൻ പാടുള്ളതല്ല.

13. സംഘങ്ങൾ വിഘടനം ചെയ്യുന്നതിനും അവയുടെ കാര്യങ്ങൾ ശരിയാക്കുന്നതിനുമുള്ള വ്യവസ്ഥ.—ഏതെങ്കിലും സംഘത്തിൻെറ അംഗങ്ങളിൽ, അഞ്ചിൽ മൂന്നുഭാഗത്തിൽ കുറയാത്തത്ര അംഗങ്ങൾക്ക് അതു വിഘടനം ചെയ്യേണ്ടതാണെന്ന് തീരുമാനിക്കാവുന്നതും, അതിൻമേൽ അത് ഉടനടിയോ അപ്പോൾ യോജിച്ച് നിശ്ചയിക്കുന്ന സമയത്തോ വിഘടിതമാകുന്നതും, സംഘത്തിൻെറ വസ്തുവും തേർച്ചകളും ബാദ്ധ്യതകളും വ്യയനം ചെയ്യുന്നതിനും തീർക്കുന്നതിനും ബാധകമാകുന്ന സംഘത്തിൻെറ ചട്ടങ്ങൾ ഏതെങ്കിലുമുണ്ടെങ്കിൽ, അവ അനുസരിച്ചും, ഇല്ലെങ്കിൽ ഭരണസമിതി സമിചീനമാണെന്നു കാണുന്നതുപോലെയും, അങ്ങനെ വ്യയനം ചെയ്യുന്നതിനും തീർക്കുന്നതിനും ആവശ്യമായ എല്ലാനടപടികളും എടുക്കേണ്ടതും, എന്നാൽ മേല്പറഞ്ഞ ഭരണ

സമിതിക്കിടയിലോ സംഘാംഗങ്ങൾക്കിടയിലോ ഏതെങ്കിലും തർക്കം ഉദ്ഭവിക്കുന്നതായാൽ സംഘത്തിന്റെ കാര്യങ്ങൾ ശരിയാക്കുന്നതിനായി അതിന്റെ മുഖ്യ കെട്ടിടം സ്ഥിതി ചെയ്യുന്ന ജില്ലയിൽ ആദ്യാധികാരിതയുള്ള പ്രിൻസിപ്പൽ സിവിൽക്കോടതിക്ക് റഫർ ചെയ്യേണ്ടതും, കോടതി ആ കാര്യത്തിൽ ആവശ്യമാണെന്ന് അതു കരുതുന്ന ഉത്തരവ് പുറപ്പെടുവിക്കുന്നതുമാകുന്നു.

അനുമതി ആവശ്യമാണെന്ന്.—എന്നാൽ യാതൊരു സംഘവും അതിന്റെ വിഘടനത്തിനുള്ള ആഗ്രഹം, അതിലേയ്ക്കായി വിളിച്ചുകൂട്ടുന്ന ഒരു സാമാന്യ യോഗത്തിൽ അഞ്ചിൽ മൂന്നുഭാഗം അംഗങ്ങളുടെ നേരിട്ടോ പ്രാക്സിയായോ ഉള്ള വോട്ടുകളാൽ പ്രകടിപ്പിക്കാത്ത പക്ഷം വിഘടനം ചെയ്യാൻ പാടുള്ളതല്ല.

ഗവൺമെൻറിന്റെ സമ്മതം.—എന്നാൽ ഏതെങ്കിലും ഗവൺമെൻറ് ഈ ആക്ററിൻ കീഴിൽ രജിസ്ററർ ചെയ്യപ്പെട്ടിട്ടുള്ള ഏതെങ്കിലും സംഘത്തിലെ അംഗമോ അംശദായകനോ മററു വിധത്തിൽ താത്പര്യമുള്ളവനോ ആയിരിക്കുമ്പോഴെല്ലാം, രജിസ്ററർ ചെയ്ത സ്റേററിലെ ഗവൺമെൻറിന്റെ സമ്മതം കൂടാതെ അങ്ങനെയുള്ള സംഘം വിഘടനം ചെയ്യാൻ പാടുള്ളതല്ല.

14. വിഘടനത്തിൻമേൽ ഒരംഗത്തിനും ലാഭം കിട്ടുന്നതല്ലെന്ന്.—ഈ ആക്ററിൻ കീഴിൽ രജിസ്ററർ ചെയ്യപ്പെട്ടിട്ടുള്ള ഏതെങ്കിലും സംഘത്തിന്റെ വിഘടനത്തിൻമേൽ അതിന്റെ എല്ലാ കടങ്ങളും ബാദ്ധ്യതകളും കൊടുത്തു തീർത്തതിനുശേഷം ഏതെങ്കിലും വസ്തു, അത് എന്തുതന്നെയായാലും, അവശേഷിക്കുന്നുവെങ്കിൽ അത് ആ സംഘത്തിലെ അംഗങ്ങൾക്കോ, അംഗങ്ങളിൽ ആർക്കെങ്കിലുമോ കൊടുക്കുകയോ അവർക്കിടയിൽ വിതരണം ചെയ്യുകയോ ചെയ്യുവാൻ പാടുള്ളതല്ല, എന്നാൽ അത് വിഘടനസമയത്ത്, നേരിട്ടോ പ്രാക്സിയായോ സന്നിഹിതരാകുന്ന അംഗങ്ങളുടെ അഞ്ചിൽ മൂന്നു ഭാഗത്തിൽ കുറയാത്തവരുടെ വോട്ടുകളാലോ അതിന് വീഴ്ചവരുന്നപക്ഷം, മുൻപറഞ്ഞപോലെയുള്ള കോടതിയാലോ തീരുമാനിക്കപ്പെടുന്ന മറേറതെങ്കിലും സംഘത്തിന് കൊടുക്കേണ്ടതാകുന്നു:

ഖണ്ഡം ജായിൻറ് സ്ററാക്കു കമ്പനികൾക്ക് ബാധകമല്ലെന്ന്.—എന്നാൽ, ഈ ഖണ്ഡം ഒരു ജായിൻറ് സ്ററാക്കു കമ്പനിയുടെ സ്വഭാവത്തിൽ ഓഹരി ഉടമകളുടെ അംശദായങ്ങൾ വഴി പ്രതിഷ്ഠിക്കപ്പെടുകയോ സ്ഥാപിക്കപ്പെടുകയോ ചെയ്തിട്ടുള്ള ഏതെങ്കിലും സംഘത്തിന് ബാധകമാകുന്നതല്ല.

15. അംഗം–നിർവ്വചനം.—ഈ ആക്ററിന്റെ ആവശ്യങ്ങൾക്ക് ഒരു സംഘത്തിന്റെ അംഗം, അതിന്റെ ചട്ടങ്ങളും റഗുലേഷനുകളും അനുസരിച്ച് അതിൽ പ്രവേശിപ്പിക്കപ്പെട്ടിരിക്കെ വരിസംഖ്യ കൊടുത്തിരിക്കുകയോ, അതിലെ അംഗങ്ങളുടെ റോളിലോ ലിസ്ററിലോ ഒപ്പിട്ടിരിക്കുകയോ ചെയ്യുകയും, അങ്ങനെയുള്ള ചട്ടങ്ങളും റഗുലേഷനുകളും അനുസരിച്ച് രാജിവച്ചിട്ടില്ലാതിരിക്കുകയും ചെയ്യുന്ന ആൾ ആയിരിക്കുന്നതാണ്;

അയോഗ്യരാക്കപ്പെട്ട അംഗങ്ങൾ.—എന്നാൽ, ഈ ആക്ററിൻകീഴിലുള്ള യാതൊരു നടപടികളിലും, വോട്ടുചെയ്യുവാനോ, അംഗമായി പരിഗണിക്കപ്പെടുവാനോ ആ സമയത്തേയ്ക്കു മൂന്നുമാസത്തിൽ കവിയുന്ന കാലത്തെ വരിസംഖ്യ കുടിശ്ശികയായിരിക്കുന്ന യാതൊരാൾക്കും അവകാശമുണ്ടായിരിക്കുന്നതല്ല.

16. ഭരണസമിതി–നിർവ്വചനം.—സംഘത്തിന്റെ ഭരണസമിതി സംഘത്തിന്റെ ചട്ടങ്ങളാലും റഗുലേഷനുകളാലും അതിന്റെ കാര്യങ്ങളുടെ മാനേജ്മെൻറ് ഭരമേല്പിക്കപ്പെട്ടിരിക്കുന്ന ഗവർണ്ണർമാരോ, കൗൺസിലോ, ഡയറക്ടർമാരോ, കമ്മിററിയോ, ട്രസ്ററികളോ, മററു നികായമോ ആയിരിക്കുന്നതാണ്.

3/2628/L.

17. ആക്റ്റിനുമുമ്പ് രൂപവൽകരിക്കപ്പെട്ട സംഘങ്ങളുടെ രജിസ്റ്റ്രേഷൻ.—സാഹിത്യപരമോ, ശാസ്ത്രപരമോ, ധർമ്മപരമോ ആയ ആവശ്യത്തിനു സ്ഥാപിക്കപ്പെടുകയും 1850-ലെ 43-ാം ആക്റ്റിൻകീഴിൽ രജിസ്റ്റർ ചെയ്യപ്പെടുകയും ചെയ്തിട്ടുള്ള ഏതെങ്കിലും കമ്പനിയോ സംഘമോ അല്ലെങ്കിൽ അങ്ങനെയുള്ളതും ഈ ആക്റ്റ് പാസ്സാക്കപ്പെടുന്നതിനുമുമ്പ് സ്ഥാപിക്കപ്പെടുകയും സംവിധാനം ചെയ്യപ്പെടുകയും എന്നാൽ മേല്പറഞ്ഞ 1850-ലെ 43-ാം ആക്റ്റിൻകീഴിൽ രജിസ്റ്റർ ചെയ്തിട്ടില്ലാത്തതുമായ ഏതെങ്കിലും സംഘമോ, ഇതിനുശേഷം ഏതു സമയത്തും ഈ ആക്റ്റിൻകീഴിൽ ഒരു സംഘമായി രജിസ്റ്റർ ചെയ്യപ്പെടാവുന്നതാണ്:

അനുമതി ആവശ്യമാണെന്ന്.—എന്നാൽ അത് അങ്ങനെയുള്ള യാതൊരു കമ്പനിയും, അല്ലെങ്കിൽ സംഘവും അത് ഈ ആക്റ്റിൻകീഴിൽ രജിസ്റ്റർ ചെയ്യപ്പെടുവാനുള്ള സമ്മതം ഭരണസമിതി ആ ആവശ്യത്തിന് വിളിച്ചു കൂട്ടുന്ന ഏതെങ്കിലും സാമാന്യ യോഗത്തിൽ നേരിട്ടോ പ്രാക്സിയായോ സന്നിഹിതരാകുന്ന അംഗങ്ങളുടെ അഞ്ചിൽമൂന്നു ഭാഗം നല്കിയിട്ടില്ലാത്തപക്ഷം അപ്രകാരം രജിസ്റ്റർ ചെയ്യപ്പെടുന്നതല്ല എന്ന പരിമിതി വ്യവസ്ഥയ്ക്ക് വിധേയമായിട്ടാണ്.

1850-ലെ 43-ാം ആക്റ്റിൻകീഴിൽ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള ഒരു കമ്പനിയുടേയോ സംഘത്തിന്റേയോ സംഗതിയിൽ ഡയറക്ടർമാർ അങ്ങനെയുള്ള ഭരണ സമിതിയായി കരുതപ്പെടുന്നതാണ്.

അങ്ങനെ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടില്ലാത്ത ഒരു സംഘത്തിന്റെ സംഗതിയിൽ സംഘം സ്ഥാപിക്കപ്പെട്ടപ്പോൾ അങ്ങനെയുള്ള യാതൊരു നികായവും സംവിധാനം ചെയ്യപ്പെട്ടിട്ടുണ്ടായിരുന്നില്ലെങ്കിൽ അതിലെ അംഗങ്ങൾക്ക്, മുറപ്രകാരമുള്ള നോട്ടീസിൻമേൽ, അപ്പോൾ മുതല്ക്ക് സംഘത്തിനുവേണ്ടി പ്രവർത്തിക്കുവാനുള്ള ഒരു ഭരണസമിതിയെ സ്വയം സൃഷ്ടിക്കുവാൻ ക്ഷമതയുണ്ടായിരിക്കുന്നതാണ്.

18. അങ്ങനെയുള്ള സംഘങ്ങൾ ജായിന്റ് സ്റ്റാക്ക് കമ്പനി രജിസ്റ്റ്രാറുടെ മുമ്പാകെ മെമ്മോറാണ്ടം മുതലായവ ഫയൽചെയ്യണമെന്ന്.—തൊട്ടുമുമ്പുള്ള വകുപ്പിൽ പറഞ്ഞപോലെയുള്ള ഏതെങ്കിലും സംഘത്തിന് ഈ ആക്റ്റിൻകീഴിൽ രജിസ്റ്റ്രേഷൻ കിട്ടുന്നതിന് ഭരണസമിതി സംഘത്തിന്റെ പേരും സംഘത്തിന്റെ ലക്ഷ്യങ്ങളും, ഭരണസമിതിയുടെ പേരും മേൽവിലാസവും, ജീവനവും കാണിക്കുന്ന ഒരു മെമ്മോറാണ്ടം ചട്ടങ്ങളുടേയും റഗുലേഷനുകളുടേയും 2-ാം വകുപ്പിൽ വ്യവസ്ഥ ചെയ്തിട്ടുള്ളതുപോലെ സർട്ടിഫൈ ചെയ്യപ്പെട്ട ഒരു പകർപ്പും, രജിസ്റ്റർ ചെയ്യുവാൻ തീരുമാനിച്ച സാമാന്യ യോഗത്തിന്റെ നടപടികളും റിപ്പോർട്ടിന്റെ ഒരു പകർപ്പും സഹിതം, ജായിന്റ് സ്റ്റാക്ക് കമ്പനി രജിസ്റ്റ്രാറുടെ മുമ്പാകെ ഫയൽചെയ്താൽ മതിയാകുന്നതാണ്.

19. രേഖകളുടെ പരിശോധന.—ഏതെങ്കിലും ആൾക്ക് ഈ ആക്റ്റിൻ കീഴിൽ രജിസ്റ്റ്രാറുടെ മുമ്പാകെ ഫയൽ ചെയ്തിട്ടുള്ള എല്ലാ രേഖകളും, ഓരോ പരിശോധനയ്ക്കും ഒരു രൂപ ഫീസ് കൊടുത്തു പരിശോധിക്കാവുന്നതും, ഏതെങ്കിലും ആൾക്ക് ഏതെങ്കിലും രേഖയുടേയോ ഏതെങ്കിലും രേഖയുടെ ഏതെങ്കിലും ഭാഗത്തിന്റേയോ പകർപ്പോ എക്സ്റ്റ്രാക്റ്റോ രജിസ്റ്റ്രാർ സർട്ടിഫൈ ചെയ്യണമെന്ന് അങ്ങനെയുള്ള പകർപ്പിന്റെയോ എക്സ്റ്റ്രാക്റ്റിന്റേയോ ഓരോ നൂറുവാക്കിനും രണ്ടണകൊടുത്ത്, ആവശ്യപ്പെടാവുന്നതും ആണ്.

സർട്ടിഫൈ ചെയ്ത പകർപ്പുകൾ.—അങ്ങനെ സർട്ടിഫൈ ചെയ്ത പകർപ്പ്, എല്ലാ നിയമനടപടികളിലും, അവ എന്തുതന്നെയായാലും, അതിൽ അടങ്ങിയ വിഷയങ്ങൾക്ക് പ്രഥമ ദൃഷ്ട്യായുള്ള തെളിവായിരിക്കുന്നതും ആകുന്നു.

20. ഏതെല്ലാം സംഘങ്ങൾക്ക് ആക്ററ് ബാധകമാകുമെന്ന്.—താഴെ പ്പറയുന്ന സംഘങ്ങൾ ഈ ആക്ററിൻകീഴിൽ രജിസ്ററർ ചെയ്യപ്പെടാവുന്നതാണ്:—

ധർമ്മപരമായ സംഘങ്ങൾ, ഇൻഡ്യയിലെ വിവിധ പ്രസിഡൻസികളിൽ സ്ഥാപിച്ചിട്ടുള്ള സൈനിക അനാഥ ഫണ്ടുകളോ, സംഘങ്ങളോ, ശാസ്ത്രമോ, സാഹിത്യമോ, ലളിതകലകളോ പുലർത്തുവാനായോ, ശിക്ഷണത്തിനായോ, ഉപയോഗപ്രദമായ ജ്ഞാനത്തിന്റെ പ്രസാരണത്തിനായോ, രാഷ്ട്രീയ വിദ്യാഭ്യാസത്തിന്റെ പ്രസാരണത്തിനായോ, അംഗങ്ങൾക്കു സാമാന്യമായ ഉപയോഗത്തിനുള്ളതോ പൊതുജനങ്ങൾക്കു പ്രവേശനമുള്ളതോ ആയ ഗ്രന്ഥശാലകളോ വായനശാലകളോ പ്രതിഷ്ഠിക്കുകയോ സംരക്ഷിക്കുകയോ ചെയ്യുന്നതിനായോ, വർണ്ണചിത്രങ്ങൾക്കും മററു കലാസൃഷ്ടികൾക്കുമുള്ള പൊതു കാഴ്ച ബംഗ്ലാവുകൾക്കോ ഗ്യാലറികൾക്കോ ആയോ, പ്രകൃതി ചരിത്രശേഖരത്തിനായോ, യാന്ത്രികവും ദാർശനികവും ആയ കണ്ടുപിടിത്തങ്ങൾക്കോ ഉപകരണങ്ങൾക്കോ രൂപമാതൃകകൾക്കോ ആയോ സ്ഥാപിക്കപ്പെടുന്ന സംഘങ്ങൾ.

---